പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **4731** **05. 02. 2014** - ലെ മറുപടി

<u>പ്രവാസികൾക്ക് പിന്നോക്കവികസന കോർപ്പറേഷൻ വഴി</u>
<u>നൽകിയ തൊഴിൽ വായ്പ</u>

<u>ചോദ്യം</u>

<u>ശ്രീ. പി. തിലോത്തമൻ</u>

(എ) നിതാഖത്ത് നിയമം മൂലം ജോലി നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്ക് നോർക്ക തൊഴിൽ നഷ്ടപ്പെട്ടുവെന്ന സർട്ടിഫിക്കറ്റ് നൽകുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പിന്നോക്കവികസന കോർപ്പറേഷൻ മുഖേന ഇവർക്ക് സ്വയംതൊഴിൽ വായ്പ ലഭ്യമാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ ; എത്ര പേർക്ക് പ്രസ്തുത ഇനത്തിലുള്ള വായ്പ ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ;

(ബി) ജോലി നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്ക് പിന്നോക്കവികസന കോർപ്പറേഷൻ വഴി നൽകിയ തൊഴിൽ വായ്പ എത്രയാണെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?,

<u>ഉത്തരം</u>

<u>ശ്രീ. കെ. സി. ജോസഫ്</u>
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

(എയും ബിയും) വിദേശരാജ്യങ്ങളിൽ നിന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന പ്രവാസികൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിന് നോർക്ക വകുപ്പിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. നിതാഖത്ത് മൂലം തൊഴിൽ നഷ്ടപ്പെട്ട സൌദി അറേബ്യയിൽ നിന്ന് തിരിച്ചുവന്ന മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെടുന്ന പ്രവാസികൾക്ക് ലളിതമായ വ്യവസ്ഥയിൽ ഒരു സ്വയം തൊഴിൽ പദ്ധതി കേരള സംസ്ഥാന പിന്നാക്ക സമുദായ വികസന കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം പരമാവധി വായ്പാതുക 10 ലക്ഷം രൂപയാണ്. 18 - 55 ന് മധ്യേ പ്രായമുള്ള മേൽപ്പറഞ്ഞ പ്രവാസികൾക്ക് കുടുംബ വാർഷിക വരുമാനം 1,03,000/ രൂപയിൽ താഴെയാണെങ്കിൽ ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ടാവും. 84 മാസം കൊണ്ട് തിരിച്ചടയ്ക്കേണ്ട വായ്പയുടെ പലിശനിരക്ക് പ്രതിവർഷം 3% ആണ്. പദ്ധതി ചെലവിന്റെ 10% അപേക്ഷകർ വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. നോർക്ക വകുപ്പിൽ നിന്നുള്ള നിതാഖത്ത് മൂലം തൊഴിൽ നഷ്ടപ്പെട്ടു എന്ന സർട്ടിഫിക്കറ്റ് പിന്നാക്ക സമുദായ വികസന കോർപ്പറേഷൻ വായ്പ ലഭിക്കുന്നതിന് ആവശ്യമില്ല. പകരം എക്സിറ്റ് വിസ പരിശോധിച്ചാണ് അർഹതയുള്ളവരെ തീരുമാനിക്കുന്നത്. 2013 ഡിസംബർ 1 -ാം തീയതി മുതൽ 2014 ജനുവരി 31 -ാം തീയതി വരെ പ്രസ്തുത വായ്പയ്ക്ക് പിന്നാക്ക വികസന കോർപ്പറേഷൻ അപേക്ഷ സ്വീകരിച്ചിരുന്നു. ആകെ 512 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകരെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടി കോർപ്പറേഷൻ ആരംഭിച്ചിട്ടുണ്ട്. ഇതേവരെ ആർക്കും വായ്പ നൽകിയിട്ടില്ല.

സെക്ഷൻ ഓഫീസർ